**<u>വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>**

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 11/01/2021 തീയതിയിലെ WCD/E8/12833/2020 നമ്പർ ഉത്തരവ്

2) സർക്കാർ ഉത്തരവ് (MS) നം.06/2021/സാനീവ തീയതി:15/02/2021

3) വനിതാ ശിശുവികസന ഡയറക്ടറുടെ 31/10/2023 തീയതിയിലെ DWCD/1934/2022-E9 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നം.DWCD/2931/2022-E7 തീയതി: 08-07-2024</u>**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

വനിതാ-ശിശുവികസന വകുപ്പിൽ പരാമർശം(3) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്ന് ഒരു ജീവനക്കാരന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് മുഖേനയും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്ന് രണ്ട് ജീവനക്കാർ(ശ്രീ.ഷാഫി.കെ-31/03/2024,ശ്രീമതി.ശ്രീദേവി.ജി.ബി-31/05/2024) വിരമിച്ചത് മുഖേനയും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ 3 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

പരാമർശം(1) പ്രകാരമുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം. (1),(3),(18),(19),(28) നിശ്ചിത യോഗ്യത നേടിയിട്ടില്ലായിരുന്നതിനാൽ ടി ജീവനക്കാരെ ഒഴിവാക്കികൊണ്ട് സീനിയോരിറ്റി നം. (29) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്നു. ഉദ്യോഗക്കയറ്റിൽ നിന്ന് ഒഴിവാക്കിയിരുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ സീനിയോരിറ്റി നം. (18)ലെ ശ്രീ.ബീരു.പി.എംന്റെ പേരിൽ തീർപ്പാക്കാതെയുള്ള അച്ചടക്ക നടപടി നിലനിൽക്കുന്നുവെന്ന കാരണത്താൽ പ്രൊമോഷൻ നൽകാതിരിക്കുന്നതിന് ടി ചട്ടം വ്യവസ്ഥ ചെയ്യുന്നില്ലെന്നും ആയതിനാൽ ശ്രീ.ബീരു.പി.എം ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്ന കാര്യത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 28(b)(ii) പ്രകാരം തീരുമാനം എടുക്കാവുന്നതാണെന്നും സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമായതിൻ പ്രകാരം ശ്രീ.ബീരു.പി.എം , നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച ശ്രീമതി റംലാബി .കെ(സീനിയോരിറ്റി നം.19) എന്നിവർ നിലവിൽ ഉദ്യോഗക്കയറ്റത്തിന് യോഗ്യത നേടിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ച ചുവടെ പറയുന്ന ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

സീനിയോരിറ്റി നം.(18) ശ്രീ.ബീരു.പി.എം

സീനിയോരിറ്റി നം.(19) ശ്രീമതി.റംലാബി.കെ

സീനിയോരിറ്റി നം.(30) ശ്രീമതി.സൈനബ.എൻ.റ്റി

ഈ സാഹചര്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാർക്ക് KS&SSR ചട്ടം 28A(i) പ്രകാരം 41300-87000 രൂപ ശമ്പള സ്കെയിലിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനം | പേര്,തസ്തിക,ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം | പൂർണ്ണ ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാർ |
|---|---|---|---|
| 1 | ശ്രീ.ബീരു.പി.എം<br>ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ഗവ.ചിൽഡ്രൻസ് ഹോം,തൃശ്ശൂർ<br>പെൻ നം.456503 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം,കാസർഗോഡ് | |
| 2 | ശ്രീമതി.റംലാബി.കെ<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം,<br>പാലക്കാട്<br>പെൻ നം.452576 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം,പാലക്കാട് | സ്ഥാപന സൂപ്രണ്ടിന്റെ ചുമതല (ഗവ.മഹിളാ മന്ദിരം,പാലക്കാട്):-<br>ശ്രീമതി.റംലാബി.കെ<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II |
| 3 | ശ്രീമതി.സൈനബ.എൻ.റ്റി<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം.<br>മലപ്പുറം<br>പെൻ നം.594128 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം,മലപ്പുറം | സ്ഥാപന സൂപ്രണ്ടിന്റെ ചുമതല<br>ശ്രീമതി.സിജി.എൻ.സി<br>മേട്രൺ ഗ്രേഡ് I<br>ഗവ.മഹിളാ മന്ദിരം,<br>മലപ്പുറം<br>ഡി.ഡി.ഒ ചുമതല (ഗവ.മഹിളാ മന്ദിരം,<br>മലപ്പുറം):-<br>ശ്രീമതി.സൈനബ.എൻ.റ്റി<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ഡി.ഡി.ഒ ചുമതല മുൻപ് ക്രമീകരിച്ചിട്ടുള്ള പ്രകാരം ജീവനക്കാർ തുടർന്നും നിർവ്വഹിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്

2) ബന്ധപ്പെട്ട ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്ക്

3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്